ദുബായ് വാർത്ത
www.dubaivartha.com
A WHATSAPP NEWS PAPER



# തൊഴിലാളികളുടെ ബസ്സിൽ വൈഫൈ സംവിധാനം.






തൊഴിലാളികളുടെ ബസ്സിൽ വൈഫൈ സംവിധാനം ഏർപ്പെടുത്തുമെന്ന് യു.എ.ഇ മാനവവിഭവശേഷി സ്വദേശിവത്കരണ മന്ത്രാലയം അറിയിച്ചു. ബസ്സുകളിൽ തണുപ്പിച്ച വെള്ളം ലഭ്യമാക്കാൻ ഫ്രിഡ്ജും, എ.സി.യും എമർജൻസി വാതിലുകളും പ്രഥമശുശ്രൂഷാ കിറ്റുകളും ഉറപ്പാക്കുമെന്നും മന്ത്രാലയം അറിയിച്ചു. ഞായറാഴ്ച മുതൽ യു.എ.ഇയിലെ എല്ലാ ബസുകളിലും ഈ സംവിധാനങ്ങൾ ലഭ്യമാക്കും.

# ഭക്ഷ്യബാങ്കിന് പുതിയ ശാഖകൾ:



2017ൽ പ്രവർത്തനം കുറിച്ച ഭക്ഷ്യബാങ്കിന് റാസൽഖൈമയിലും അജ്മാനിലും പുതിയ ശാഖകൾ. ഭക്ഷണം പാഴാക്കാതെ ആവശ്യക്കാർക്ക് എത്തിക്കുകയാണ് ഭക്ഷ്യബാങ്കിന്റെ ദൗത്യമെന്ന് മുനിസിപ്പാലിറ്റി ഡയറക്ടർ ജനറലും യു.എ.ഇ. ഫുഡ് ബാങ്ക് ബോർഡ് ഡെപ്യൂട്ടി ചെയർമാനുമായ ദാവൂദ് അൽ ഹാജിരി പറഞ്ഞു.

# ഹയർ സെക്കൻഡറി പരീക്ഷാഫലം പ്രഖ്യാപിച്ചു



**84.33 %**
**വിജയം**



3,69,238 പേർ പരീക്ഷയെഴുതിയതിൽ
3,11,375 പേർ ഉപരിപഠനത്തിന് യോഗ്യത നേടി

# പ്രളയഭീതി: മരടിലെ അഞ്ച് അപ്പാർട്ട്മെന്റുകൾ പൊളിക്കാൻ സുപ്രീംകോടതി ഉത്തരവ്



തീരദേശ പരിപാലന നിയമം ലംഘിച്ചതിനാണ് നടപടി. ഒരു മാസത്തിനകം അപ്പാർട്ട്മെന്റുകൾ പൊളിച്ചു നീക്കി റിപ്പോർട്ട് സമർപ്പിക്കണമെന്നാണ് സുപ്രീം കോടതി ഉത്തരവ്. ഹോളി ഫെയ്ത്ത്, കായലോരം, ആൽഫാ വെഞ്ചേഴ്സ്, ഹെറിറ്റേജ്, ജെയ്ൻ ഹൗസിംഗ് എന്നീ അപ്പാർട്മെന്റുകളാണ് പൊളിക്കാൻ ഉത്തരവിട്ടിരിക്കുന്നത്.



# പൂരങ്ങളുടെ പൂരമായ തൃശൂർ പൂരം പ്രതിസന്ധിയിൽ; ആനയുടമകളുമായി നാളെ ചർച്ച

കൊമ്പൻ തെച്ചിക്കോട്ട്കാവ് രാമചന്ദ്രനെ ഉത്സവത്തിന് എഴുന്നള്ളിക്കുന്നത് വിലക്കാനുള്ള സർക്കാർ നീക്കത്തിൽ പ്രതിഷേധിച്ച് സംസ്ഥാനത്തെ ഒരു പരിപാടികൾക്കും ആനകളെ പങ്കെടുപ്പിക്കില്ലെന്ന് ആനയുടമകൾ.

തൃശൂർ പൂരത്തിന് തങ്ങളുടെ എല്ലാ ആനകളേയും വിട്ടുനൽകുമെന്ന് വ്യക്തമാക്കി ഗുരുവായൂർ ദേവസ്വം

# ശ്രീലങ്കയിലെ കൊലയാളി 'സാത്താന്റെ മാതാവ്' കേരളത്തിലും:




ശ്രീലങ്കയിൽ നിരവധി പേരുടെ ജീവനെടുത്ത, 'സാത്താന്റെ മാതാവ്' എന്നു ശാസ്ത്രലോകം വിശേഷിപ്പിക്കുന്ന ട്രൈ അസറ്റോൺ ട്രൈ പെറോക്സൈഡ് (ടിഎടിപി) എന്ന കൊലയാളി രാസവസ്തുവിന്റെ സാന്നിധ്യം കേരളത്തിൽ പലയിടത്തും കണ്ടെത്തിയത് ആശങ്കയുണർത്തുന്നു.

ഐഎസിന്റെ സാന്നിധ്യമുള്ള മിക്ക മേഖലകളിലുമുണ്ടായ സ്ഫോടനത്തിൽ ടിഎടിപിയാണ് ഉപയോഗിച്ചതെന്ന് അന്വേഷണ ഏജൻസികൾ കണ്ടെത്തിയിരുന്നു.

# 'ചൗക്കിദാർ ചോർ ഹേ' പരാമർശം;

## മാപ്പ് പറഞ്ഞ് രാഹുൽ ഗാന്ധി വീണ്ടും സത്യവാങ്മൂലം സമർപ്പിച്ചു




ഖേദം പ്രകടിപ്പിച്ച് രാഹുൽ സത്യവാങ്മൂലം നൽകിയെങ്കിലും കോടതി അത് നിരാകരിക്കുകയായിരുന്നു. തുടർന്നാണ് നിരുപാധികം മാപ്പ് പറഞ്ഞുള്ള പുതിയ സത്യവാങ്മൂലം രാഹുൽ സമർപ്പിച്ചത്. കോടതിയലക്ഷ്യ നടപടികൾ അവസാനിപ്പിക്കണമെന്നും അദ്ദേഹം സത്യവാങ്മൂലത്തിൽ അഭ്യർത്ഥിച്ചു.

# ഐക്യരാഷ്ട്ര സഭയിൽ ഇന്ത്യയ്ക്കും ജർമ്മനിയ്ക്കും ബ്രസീലിനും ജപ്പാനും സ്ഥിരാംഗത്വം നൽകണമെന്ന് ഫ്രാൻസ്



നിലവിലുള്ള ആഗോള സാഹചര്യങ്ങളെ പ്രതിഫലിപ്പിക്കുന്നതിന് ഇന്ത്യ, ജർമനി, ബ്രസീൽ, ജപ്പാൻ എന്നീ രാജ്യങ്ങൾക്ക് അംഗത്വം നൽകേണ്ടത് അത്യന്താപേഷിതമാണെന്നും ഐക്യരാഷ്ട്ര സഭയിലെ ഫ്രാൻസിന്റെ സ്ഥിരം പ്രതിനിധി ഫ്രാനോയിസ് ഡെലാട്രെ വ്യക്തമാക്കി.

# ശ്രീനിവാസന് മറുപടി പറയാനില്ല,

## ചെയ്യാൻ പ്രധാനപ്പെട്ട മറ്റു കാര്യങ്ങളുണ്ട് : രേവതി



ഡബ്ല്യൂസിസിക്ക് ഓരോരുത്തരുടെയും വ്യക്തിപരമായ അഭിപ്രായങ്ങളോട് പോരാടി നിൽക്കാനാവില്ല. ഞങ്ങളുടെ വ്യക്തിപരമായ നേട്ടങ്ങൾക്ക് വേണ്ടിയല്ല ഡബ്ല്യൂസിസി ഓരോ കാര്യങ്ങൾ ചെയ്യുന്നത്. ഇനി വരുന്ന ഞങ്ങളുടെ തലമുറയ്ക്ക് ഇവിടെ സുരക്ഷിതമായി ജോലി ചെയ്യുന്നതിനുള്ള സാഹചര്യം ഒരുക്കാനാണ്.

# വാതുവെപ്പ് വിപണിക്ക് പ്രിയം പ്രാദേശിക പാർട്ടികളെ;

## മറിയുന്നത് 12000 കോടിയോളമെന്ന് റിപ്പോർട്ടുകൾ



എൻ.ഡി.എയ്ക്ക് 185 – 220 സീറ്റുകളും യു.പി.എ 160 മുതൽ 180 വരെ സീറ്റുകളും നേടുമെന്നാണ് പ്രവചനം. മൂന്നാം മുന്നണി അല്ലെങ്കിൽ മഹാ സഖ്യം 225 മുതൽ 250 സീറ്റുകൾ നേടുമെന്നതാണ് മറ്റൊരു പ്രവചനം.

# വിരാട് കോലിയുമായി തർക്കം;

## ദേഷ്യമടക്കാനാകാതെ അമ്പയർ വാതിൽ തകർത്തു



ഐ.പി.എല്ലിൽ സൺറൈസേഴ്സ് ഹൈദരാബാദിനെതിരായ മത്സരത്തിലാണ് കോലി – ലോങ് തർക്കം നടന്നത്. ഉമേഷ് യാദവ് എറിഞ്ഞ അവസാന ഓവറിലെ ഒരു പന്ത് അമ്പയർ നോബോൾ വിളിച്ചതാണ് പ്രശ്നമുണ്ടാക്കിയത്. അത് നോബോളല്ലെന്ന് കോലി വാദിച്ചു.

നഷ്ടപരിഹാരമായി അമ്പയർ 5000 രൂപ നൽകിയ സാഹചര്യത്തിൽ തുടർനടപടി വേണമോ എന്ന സംശയത്തിലാണ് ബോർഡ്.

## യു എ ഇയിലെ ഇന്നത്തെ നോമ്പുതുറസമയം

| ദുബായ് | അബുദാബി | ഷാർജ | അജ്മാൻ | ഫുജൈറ | റാസ് അൽഖൈമ | ഉമ്മൽ ഖുവൈൻ |
|---|---|---|---|---|---|---|
| 6.56 PM | 7.00 PM | 6.56 PM | 6.56 PM | 6.50 PM | 6.52 PM | 6.52 PM |